"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പത്തിനപരിപാടിയുടെ ഭാഗമായി സ്കൂൾ കുട്ടികൾക്ക്, 'സത്യമേവ ജയതേ' എന്ന പേരിൽ ഡിജിറ്റൽ മീഡിയയിലും ഇൻഫർമേഷൻ ടെക്നോളജിയിലും അവബോധവും പരിശീലനവും നൽകുന്നത് - പുതിയ മാർഗനിർദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2421/2022/GEDN തീയതി,തിരുവനന്തപുരം, 13-04-2022

---

പരാമർശം:-

1. 03/11/2021 ലെ സ.ഉ.(സാധാ) നം.4963/2021/പൊ.വി.വ നമ്പർ ഉത്തരവ്
2. 12.04.2022 ൽ പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

ബഹു. മുഖ്യമന്ത്രിയുടെ പത്തിനപരിപാടിയുടെ ഭാഗമായി 'സത്യമേവ ജയതേ' എന്ന പേരിൽ ഡിജിറ്റൽ മീഡിയയിലും ഇൻഫർമേഷൻ ടെക്നോളജിയിലും അവബോധവും പരിശീലനവും നല്കുന്നതിനുവേണ്ടി പരാമർശം ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഈ ക്യാമ്പയിൻ നിർദ്ദിഷ്ട സമയപരിധിയിൽ ലക്ഷ്യം കൈവരിച്ചില്ല എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം രണ്ടു പ്രകാരം യോഗം നടത്തുകയും പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 'സത്യമേവ ജയതേ' എന്ന ഡിജിറ്റൽ മീഡിയ ക്യാമ്പയിൻ സമയ ബന്ധിതമായി പൂർത്തിയാക്കി ലക്ഷ്യം കൈവരിക്കുന്നതിനായി നിലവിലുള്ള നിർദ്ദേശങ്ങൾക്ക് പുറമെ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കൂടി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) 'സത്യമേവ ജയതേ' എന്ന പേരിൽ ഡിജിറ്റൽ മീഡിയയിലും ഇൻഫർമേഷൻ ടെക്നോളജിയിലും അവബോധവും പരിശീലനവും നൽകുന്ന പരിപാടി 2022 ജൂൺ 1 നും ആഗസ്റ്റ് 30 നും ഇടയിൽ ഒരിക്കൽ കൂടി നടത്തി പൂർത്തിയാക്കേണ്ടതും ഇങ്ങനെ പരിശീലനം ലഭിച്ച വിദ്യാർത്ഥികളുടെ വിവരം (1 മുതൽ 10 വരെ ക്ലാസ്സുകൾ) ജില്ലാടിസ്ഥാനത്തിൽ കൃത്യമായി ശേഖരിക്കേണ്ടതുമാണ്. വിവരം ശേഖരിക്കാനുള്ള കൃത്യമായ സംവിധാനം കൈറ്റ് ഉറപ്പ് വരുത്തേണ്ടതാണ്.

(ii) 8 മുതൽ 10 വരെ ക്ലാസ്സുകളിലേക്ക് നിലവിലുള്ള മോഡ്യൂൾ തുടരേണ്ടതും ചെറിയ രീതിയിലുള്ള മാറ്റങ്ങൾ ആവശ്യമാണെങ്കിൽ എസ്.സി.ഇ.ആർ.ടി. വരുത്തേണ്ടതുമാണ്. 2022 മെയ് 31 നകം 1 മുതൽ 7 വരെ ക്ലാസുകളിലേയ്ക്ക് പുതിയ മോഡ്യൂൾ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കേണ്ടതാണ്. ജൂലൈയിൽ അദ്ധ്യാപകർക്കുള്ള പരിശീലനവും ആഗസ്റ്റ് 30നകം വിദ്യാർത്ഥികൾക്കുള്ള പരിശീലനവും അവബോധവും പൂർത്തിയാക്കേണ്ടതുമാണ്.

(iii) ഹയർ സെക്കന്ററി വിഭാഗത്തിൽ പരിശീലനം ലഭ്യമാകാത്ത കുട്ടികൾക്ക് പരിശീലനം നൽകാനുള്ള നടപടികൾ എസ്.ഐ.ഇ.ടി. സ്വീകരിക്കേണ്ടതാണ്.

(iv) പുതുതായി പരിശീലനം നൽകുമ്പോൾ മുൻപ് പരിശീലനം ലഭിച്ചവർ ഉൾപ്പെടെ എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പരിശീലനം നൽകേണ്ടതാണ്. കൂടാതെ എല്ലാ വിദ്യാർത്ഥികൾക്കും പരിശീലനം ലഭിക്കുന്നുവെന്നും കൃത്യമായ അവബോധം സൃഷ്ടിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

(v) പരിപാടിയുടെ മേൽനോട്ടം പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർവ്വഹിക്കേണ്ടതും ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്ക് അതത് പ്രദേശങ്ങളിലെ ചുമതല നൽകേണ്ടതുമാണ്.

ജൂൺ അവസാന വാരം പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ യോഗം ചേർന്ന് അതുവരെയുള്ള പ്രവൃത്തികൾ വിലയിരുത്തുന്നതും തുടർന്ന് ജൂലൈ 15 നും 30 നും ഇടയിൽ വീണ്ടും യോഗം ചേർന്ന് രണ്ടാംഘട്ട പുരോഗതി വിലയിരുത്തുന്നതും ഓഗസ്റ്റ് മാസം അവസാനം അന്തിമവിശകലനം നടത്തുന്നതുമാണ്. പരിശീലനവുമായി ബന്ധപ്പെട്ട് കൈറ്റ് ശേഖരിക്കുന്ന വിവരങ്ങൾ കൃത്യമായി പൊതുവിദ്യാഭ്യാസ വകുപ്പിൽ ലഭ്യമാക്കേണ്ടതും ഈ വിവരങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് ബഹു.മുഖ്യമന്ത്രിയുടെ ഓഫീസിലേക്ക് കൈമാറുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

1. പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
2. ബഹു. മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി
3. ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം
4. ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം
5. ഡയറക്ടർ, എസ്.ഐ.ഇ.ടി. തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ (എ &ഇ/ഓഡിറ്റ്), തിരുവനന്തപുരം
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sindhu S**
**Date: 16-04-2022 11:43:38**
സെക്ഷൻ ഓഫീസർ

ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. മുഖ്യമന്ത്രിയുടെ ഒ.എസ്.ഡിയുടെ സി.എ. യ്ക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്